"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. ഉപ.സി.2/9/2024-ഉഭപവ തിരുവനന്തപുരം, തീയതി: 19-01-2024

**സർക്കുലർ**

വിഷയം:- **ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം- തസ്തിക മാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ചുനൽകുന്നത് - സംബന്ധിച്ച്.**

സൂചന:- 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി നമ്പർ ഉത്തരവ്.

***********************

സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സൂചന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആശ്രിത നിയമനം നൽകി വരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25 അനുസരിച്ച് തസ്തിക മാറ്റത്തിനുള്ള അപേക്ഷ, ഖണ്ഡിക 19 ൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഒരു പ്രത്യേക തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നതിന് ആവശ്യമായ ഒഴിവുകൾ ഇല്ലാതിരിക്കുകയും രണ്ടു വർഷ പരിധിയ്ക്കുള്ളിൽ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് സാധിക്കാതിരിക്കുകയും ചെയ്യുന്ന കേസുകളിൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടെ കാലതാമസം പരിഹരിച്ചുനൽകുന്നതിന് ,തസ്തിക മാറ്റത്തിനുള്ള അപേക്ഷ നിലവിൽ പരിഗണിച്ചു വരുന്നുണ്ട്. എന്നാൽ വിവിധ വകുപ്പുകളിൽ നിന്നും ഇത്തരത്തിൽ നിരവധി കേസുകൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടിവരുന്നത് വീണ്ടും കാലതാമസം നേരിടുന്നതിനും നടപടികൾ സങ്കീർണമാക്കുന്നതിനും ഇടയാക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും, നിയമനത്തിനായി ശിപാർശ ചെയ്യുകയും, എന്നാൽ നിയമനത്തിനായി ശിപാർശ ചെയ്ത തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാത്തതിനാൽ നിയമനം നീണ്ടു പോകുകയും ചെയ്യുന്ന കേസുകളിൽ തസ്തിക മാറ്റത്തിനുള്ള അപേക്ഷ

നൽകുവാനുണ്ടാകുന്ന കാലതാമസം പരിഹരിച്ചുനൽകുന്ന കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്നും പകരം ബന്ധപ്പെട്ട വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവോടുകൂടി തസ്തികമാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ചു നൽകാവുന്നതാണെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

RAJEEVAN A P

ജോയിന്റ് സെക്രട്ടറി

പകർപ്പ്:

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivakumar G
Date: 19-01-2024 17:57:10

സെക്ഷൻ ഓഫീസർ.